കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- മണിയൂർ ഗ്രാമപഞ്ചായത്ത് -ബഹു.ഹൈക്കോടതിയിലെ റിട്ട് ഹർജി(സി)നം.21214/07 നമ്പർ റിട്ട് പെറ്റീഷനിലെ 11-6-2012 ലെ വിധിന്യായം-കോടതി വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

**സ.ഉ.(സാധാ)നം. 2864/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 12/10/2012**

പരാമർശം :-

1. മണിയൂർ ഗ്രാമപഞ്ചായത്തിന്റെ 18-12-1990 ലെ 363-ാം നമ്പർ തീരുമാനം
2. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18-12-2000 ലെ ഡി4.10046/99 നമ്പർ കത്ത്.
3. ശ്രീ.വി.കെ. അച്യുതന്റെ 27-12-2006 ലെ അപേക്ഷ
4. മണിയൂർ ഗ്രാമപഞ്ചായത്തിന്റെ 26-9-11 ലെ 116/11 നമ്പർ തീരുമാനം
5. റിട്ട് ഹർജി(സി)നം.21214/07 ലെ 11-6-2012 ലെ വിധിന്യായം
6. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10/09/12 ലെ എ6.7466/12 നമ്പർ കത്ത്.
7. മണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13-9-2012-ലെ സി2-6406/12 നമ്പർ കത്ത്
8. ശ്രീ.വി.കെ.അച്യുതന്റെ 14-9-2012 ലെ കത്ത്.

## ഉത്തരവ്

കൃഷിയിൽ തൽപ്പരരായ വിമുക്ത ഭടന്മാർക്ക് സർക്കാർ പുറമ്പോക്ക് അനുവദിക്കുന്നതിന്റെ ഭാഗമായി മണിയൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പാലയാട് വില്ലേജ് റി.സ. 2-ൽപ്പെട്ട അൻപത് സെന്റ് പുഴ പുറമ്പോക്ക് 1969-ൽ വടകര തഹസീൽദാർ ശ്രീ.വി.കെ.അച്യുതന് നെൽക്കൃഷി ചെയ്യുന്നതിന് ലീസിന് അനുവദിച്ചു. 1969 മുതൽ പുറമ്പോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ 1994 വരെ റവന്യൂവകുപ്പിലും അതിനുശേഷം 1996 വരെ മണിയൂർ ഗ്രാമപഞ്ചായത്തിലും ലീസ് തുക ഒടുക്കുകയും ചെയ്തു. 1996 നു ശേഷം പഞ്ചായത്ത് ലീസ് തുക വാങ്ങിയിട്ടില്ല.

വില ഈടാക്കി ടി പുറമ്പോക്ക് പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.വി.കെ.അച്യുതൻ പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം വിലയ്ക്ക് കൊടുക്കുന്നതിന് സമ്മതമാണെന്ന് പരാമർശം (1) പ്രകാരം മണിയൂർ പഞ്ചായത്ത് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം അനുകൂലമായി റിപ്പോർട്ടു ചെയ്യുകയും ചെയ്തെങ്കിലും പതിവ് നടപടി പൂർത്തിയാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ ടി ഭൂമി പതിച്ചുനൽകണ് മെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം (Ext P3(a)) ശ്രീ.വി.കെ.അച്യുതൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് അപേക്ഷ നൽകിയെങ്കിലും ആയതിന്മേൽ തീരുമാനമാകാത്ത സാഹചര്യത്തിൽ ടിയാൻ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി(സി)നം. 21214/07 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 27-12-2006 ലെ അപേക്ഷയിൽ, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച്, മൂന്ന് മാസത്തിനുള്ളിൽ അപേക്ഷകനെ നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന് ബഹു. ഹൈക്കോടതി 11-6-2012 ൽ ഉത്തരവായി.

അതനുസരിച്ച് കേസുമായി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി. ദീർഘകാലമായി തന്റെ കൈവശത്തിലുള്ളതിനാലും വില ഈടാക്കി പതിച്ചു നൽകുന്നതിന് സമ്മതമാണെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതിനാലും ടി സ്ഥലം തനിക്ക് പതിച്ചു നൽകണമെന്ന് ശ്രീ. വി.കെ. അച്യുതൻ ആവശ്യപ്പെട്ടു.

മണിയൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ 395 ഏക്കർ പുഴപുറമ്പോക്കിൽ ഭൂരിഭാഗവും പാട്ടത്തിനെടുത്തവരുടെ കൈവശത്തിലാണെന്നും, വിമുക്തഭടന്മാർക്ക് ഭൂമി നൽകുന്നതിന് വ്യവസ്ഥയില്ലെന്നും നെൽക്കൃഷി നടത്താനായി പാട്ടത്തിനെടുത്ത ഭൂമിയിൽ ശ്രീ. വി.കെ.അച്യുതൻ വ്യവസ്ഥ ലംഘിച്ച് തെങ്ങ് കൃഷിയാണ് നടത്തുന്നതെന്നും അതുമൂലം ചൊവ്വാപുഴ നാശത്തിന്റെ വക്കിലാണെന്നും ടിയാന് ഒന്നരയേക്കർ ഭൂമി സ്വന്തമായുണ്ടെന്നും ലീസിനെടുത്ത് കൈവശം വയ്ക്കുന്നവരെ ഒഴിപ്പിക്കാൻ പരാമർശം 4 പ്രകാരം പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും ടി ഭൂമി പതിച്ചുനൽകുന്നതിന് പഞ്ചായത്തിന് സമ്മതമല്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994-ലെ കേരളാ പഞ്ചായത്ത്‌രാജ് ആക്ടിലെ 218 (1) വകുപ്പ് പ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി പ്രത്യേകമായി തരം തിരിച്ചിട്ടില്ലാത്ത എല്ലാ ജലസ്രോതസ്സുകളും അവയോട് ചേർന്ന പൊതുഭൂമിയും അവ സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ആക്ടിലെ 218 (3) വകുപ്പ് പ്രകാരം ബന്ധപ്പെട്ട പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം അങ്ങനെയുള്ള പുറമ്പോക്കുകളുടെ ഭരണം സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്. ഭരണം മാത്രമേ ഏറ്റെടുക്കാൻ കഴിയൂ എന്നതിനാൽ പതിച്ചു നൽകുന്നതിനുവേണ്ടി അവയെ സർക്കാരിലേക്ക് പുനർനിക്ഷിപ്ത മാക്കുന്നതിന് വ്യവസ്ഥയില്ല.

കേരളാ പഞ്ചായത്ത്‌രാജ് ആക്ടിലെ വ്യവസ്ഥകളുടേയും അപേക്ഷകന് സ്വന്തമായി ഒന്നരയേക്കർ ഭൂമി സ്വന്തമായിട്ടുണ്ടെന്ന തിന്റെയും അടിസ്ഥാനത്തിൽ മണിയൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പാലയൂർ വില്ലേജ് റി.സ.2-ൽപ്പെട്ട 50 സെന്റ് പുഴ പുറമ്പോക്ക് പതിച്ചുനൽകണമെന്ന ആവശ്യം അനുവദിക്കാൻ നിർവ്വാഹമില്ല. ശ്രീ. വി.കെ.അച്യുതന്റെ പരാമർശം 3-ലെ (Ext P3(a)) അപേക്ഷ ആയതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റിട്ട് ഹർജി(സി)നം.21214/07 ലെ 11-6-12 ലെ വിധിന്യായത്തിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി.കെ. അച്യുതൻ, വിദ്യാ ഭവൻ, പാലയാട് നട പി.ഒ, ഇരിങ്ങൽ,
കോഴിക്കോട്-673530
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി, മണിയൂർ ഗ്രാമപഞ്ചായത്ത് , മണിയൂർ പി.ഒ, കോഴിക്കോട് 673523
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.